# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.52 — 10.06.2014-ൽ മറുപടിക്ക്

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ഡോ. ടി.എം. തോമസ് ഐസക്
ശ്രീമതി കെ.കെ. ലതിക

**ഉത്തരം**

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## റവന്യൂ വരുമാനത്തിന്റെ വളർച്ചാ നിരക്ക്

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ഉണ്ടായിട്ടുള്ള വളർച്ചാമുരടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാജ്യത്ത് പൊതുവായി നിലനിൽക്കുന്ന സാമ്പത്തികമാന്ദ്യം നമ്മുടെ പൊതുവിപണിയുടെ വളർച്ചയെ സാരമായി ബാധിച്ചു. ഇത് സംസ്ഥാനത്തിന്റെ വരുമാന വളർച്ചാ നിരക്കിൽ കുറവ് വരുന്നതിന് മുഖ്യ കാരണമായി. അവശ്യ സാധനങ്ങൾ, മരുന്നുകൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയ നികുതിയിളവുകൾ, സ്റ്റാമ്പ് ഡ്യൂട്ടിയിൽ വരുത്തിയ 2 ശതമാനം ഇളവ്, ഭൂമി ക്രയ വിക്രയത്തിലുണ്ടായ ഇടിവ്, മദ്യ വിൽപനയിലുണ്ടായ കുറവ്, വാഹന വിൽപ്പനമേഖലയിലെ മാന്ദ്യം, റബ്ബർ വിലയിൽ വന്ന ഇടിവ്, സ്വർണ്ണ വ്യാപാരികൾക്ക് കോമ്പൗണ്ട് നികുതിയിനത്തിൽ നൽകിയ ഇളവ് തുടങ്ങിയവയൊക്കെ റവന്യൂവരുമാനത്തിലെ വളർച്ചാ മുരടിപ്പിന് കാരണമായിട്ടുണ്ട്. കൂടാതെ കേന്ദ്രനികുതി വിഹിതത്തിലും കേന്ദ്ര ധനസഹായത്തിലും ഗണ്യമായ കുറവുണ്ടായി. |
| (ബി) | ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ അപഗ്രഥിച്ച് മനസ്സിലാക്കിയിട്ടുണ്ടോ ; | |
| (സി) | വളർച്ചാ നിരക്ക് കൂട്ടുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൈക്കൊണ്ടിട്ടുള്ളത് ; | അധിക വരുമാനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി നികുതി-നികുതിയേതര വരുമാന ഇനങ്ങളുടെ നിരക്കുകൾ പരിഷ്ക്കരിക്കുന്നതിനായി വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ |
| (ഡി) | ഇതുമൂലം എന്തുമാത്രം വളർച്ചാനിരക്ക് വർദ്ധിപ്പിക്കാൻ സാധിച്ചു എന്ന് വിശദമാക്കുമോ ; | റവന്യൂ, പൊതുവിദ്യാഭ്യാസം, മത്സ്യബന്ധനം, തുറമുഖം, ഊർജ്ജം, ധനകാര്യം, ആഭ്യന്തരം, ജലവിഭവം, പൊതുമരാമത്ത്, തൊഴിൽ, സഹകരണം, സാംസ്ക്കാരികം, ഉന്നതവിദ്യാ |

| | | |
|---|---|---|
| | | ഭ്യാസം എന്നീ വകുപ്പുകളിലെ വിവിധ നികുതിയേതര വരുമാനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ ടാക്സേഷൻ വിംഗ് രൂപവൽക്കരിച്ച് ഊർജ്ജിതമായ നികുതി പിരിവിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. വാണിജ്യ നികുതി വകുപ്പിൽ പുതുതായി രൂപവൽക്കരിച്ച ഇക്കണോമിക് ഇന്റലിജൻസ് വിംഗ് പുറം ഏജൻസികളിൽ നിന്ന് ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുമായി ഒത്തുനോക്കി തട്ടിപ്പുകൾ തടയുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്താനും നികുതി-നികുതിയേതര ഇനങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേ ഉത്തരവുകളും പിൻവലിക്കാനും അത്തരം ഉപാധിരഹിത സ്റ്റേ ഉത്തരവുകൾ ഭാവിയിൽ പുറപ്പെടുവിക്കാതിരിക്കാനുമുള്ള നിർദ്ദേശം 11.10.2013 ലെ സ.ഉ(പി)നം.515/13/ധന പ്രകാരം പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നികുതി പിരിവ് സംബന്ധമായി വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പുതലത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ റദ്ദാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 28.04.2014-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് (G.O(P)No.151/2014/Fin) തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. നിരക്കു വർദ്ധനവിലൂടെ ലഭ്യമായ അധികവരുമാനത്തിന്റെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. |
| (ഇ) | റവന്യു ചോർന്നു പോകുന്ന വഴികളും അത് തടയാനുള്ള നിർദ്ദേശങ്ങളും വിശദമാക്കുമോ ? | വ്യാജമദ്യവിൽപ്പന, ചെക്ക് പോസ്റ്റുവഴിയുള്ള അനധികൃത ചരക്ക് കടത്തൽ, നികുതി അടയ്ക്കാതെയും, നികുതി വെട്ടിച്ചും വാഹനങ്ങൾ |

| | | |
|---|---|---|
| | | നിരത്തിൽ ഓടിക്കുന്നത്, മോട്ടോർ വാഹന വകുപ്പിൽ വിവിധ സേവനങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കാതിരിക്കൽ, അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾ കേരളത്തിൽ ഉപയോഗിക്കൽ എന്നിവയിലൂടെ നിയമാനുസൃതമായി സർക്കാരിന് ലഭിക്കേണ്ട ഡ്യൂട്ടിയും മറ്റു നികുതികളും നഷ്ടമാകുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം, ചെക്ക് പോസ്റ്റ് പരിശോധന എന്നിവ ശക്തിപ്പെടുത്തിയും, അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിലുപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചും, റവന്യൂ വരുമാനം ചോർന്നു പോകുന്നത് തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ